പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം.*404

14/11/2019-ൽ
മറുപടിയ്ക്ക്

## സ്കൂൾ കെട്ടിടങ്ങളുടെ ആസ്ബറ്റോസ് മേൽക്കൂരകൾ മാറ്റി സ്ഥാപിക്കാൻ നടപടി

**ചോദ്യം**

**ശ്രീ. സി. മമ്മൂട്ടി**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. കെ.എം.ഷാജി**
**ശ്രീ. പാറക്കൽ അബ്ദുല്ല**

**മറുപടി**

**പ്രൊഫ.സി.രവീന്ദ്രനാഥ്**
**(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്ത് പല പൊതുവിദ്യാലയങ്ങളും ആസ്ബറ്റോസ് മേൽക്കൂരകളുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ആസ്ബറ്റോസ് ഷീറ്റുകൾ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; | (ബി), (സി) & (ഡി) സ്കൂൾ മേൽക്കൂരകളിലെ ആസ്ബറ്റോസ് ഷീറ്റുകൾ മൂലം വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടാൻ സാധ്യതയുണ്ടെന്നുള്ള കാര്യം ഗൗരവമായി കാണുന്നതിനാൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ സർക്കാർ - എയ്ഡഡ് - അൺ എയ്ഡഡ് - അംഗീകൃത സ്വകാര്യ സ്കൂൾ കെട്ടിടങ്ങളുടെ മേൽക്കൂര നിർമ്മാണത്തിനായി ആസ്ബറ്റോസ് ഷീറ്റ് ഉപയോഗിക്കുന്നത് നിരോധിച്ചുകൊണ്ടും, ആസ്ബറ്റോസ് ഷീറ്റ്മേഞ്ഞ മേൽക്കൂരകളോട്ടു കൂടി നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്കൂളുകളിൽ നിന്നും ആയത് രണ്ടുവർഷത്തിനകം നീക്കം ചെയ്യണമെന്ന നിർദ്ദേശം നൽകികൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവും അതുമായി ബന്ധപ്പെട്ട് സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടും ഈ സ്ഥിതി വിശേഷത്തിന് മാറ്റമുണ്ടാക്കാൻ കഴിയാത്തതിന് കാരണമെന്താണ് എന്ന് വെളിപ്പെടുത്താമോ; | |
| (ഡി) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ളതും ആസ്ബറ്റോസ് മേൽക്കൂരകളുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതുമായ എല്ലാ സ്കൂളുകളുടെയും മേൽക്കൂര മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | |

Namitha P

**സെക്ഷൻ ഓഫീസർ**